# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊറ്റനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ പി 7- 824/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 10/01/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊറ്റനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ പി 7- 824/2021 തീയ്യതി: 10/01/2022

## പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2020 മുതൽ 15-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 16-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ , ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയപ്രഭ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഹരികുമാർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം എസ് സുജാത | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ സതീഷ് ബാബു എസ് | സെക്രട്ടറി | 01-04-2019 | 04-04-2019 |
| ശ്രീ എം ജനാർദ്ദനൻ നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-04-2019 | 24-04-2019 |
| ശ്രീ സതീഷ് ബാബു എസ് | സെക്രട്ടറി | 25-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം ജനാർദ്ദനൻ നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ നിസ്സാം ഐ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| ശ്രീ വിപിൻ നാഥ് എസ്.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 23-07-2019 | 03-09-2019 |
| ശ്രീമതി ദീപ എം.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2019 | 31-03-2020 |
| ശ്രീ. ജിജേഷ് വി. സി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ. സജു പി. കുര്യാക്കോസ് | കൃഷി ഓഫീസർ | 04-04-2019 | 31-03-2020 |
| ഡോ. എ കണ്ണൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ലക്ഷ്മി ആർ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ. അഗസ്റ്റിൻ ഫിഡാലിസ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി സോണി എസ്. ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ സജീവ് എസ്. | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ തുശ്ശി എസ്. ബാലൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 04-09-2019 | 30-09-2019 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Aswathy.V.Nair (Auditor, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 17-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം- കണക്കിലെ അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 17-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: M Harikumar (Asst. Audit Officer, On 27-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 1-7 |
| 9 | കാഷ് ബാലൻസ് പരിശോധന<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhsin Faisal (Audit Officer, On 29-11-2021)<br>Last Updated By: Joe M James (Computer Assistant, On 10-01-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Aswathy.V.Nair (Auditor, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 1-11 |
| 13 | തുടർ നടപടി  ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Muhsin Faisal (Audit Officer, On 29-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 1-12 |
| 14 | സമയബന്ധിതമായി പ്രൊജക്ട് നടപ്പാക്കിയില്ല, ലഭ്യമായ തുക തിരിച്ചടച്ചു<br>Written By: Muhsin Faisal (Audit Officer, On 29-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-01-2022) | 1-13 |
| 15 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Jayaprabha P (Asst. Audit Officer, On 30-11-2021)<br>Last Updated By: Joe M James (Computer Assistant, On 10-01-2022) | 1-14 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M Harikumar (Asst. Audit Officer, On 25-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 26-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Joe M James (Computer Assistant, On 10-01-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M Harikumar (Asst. Audit Officer, On 26-11-2021)<br>Last Updated By: Johncy John (Computer Assistant, On 30-12-2021) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 20.02.2019 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 03.02.2020 തീയതിയിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20-ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2020-21ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 6730000 | 3573843 | 3156157 |
| | എ | വസ്തുനികുതി | 5500000 | 2676583 | 2823417 |
| | ബി | തൊഴിൽ നികുതി | 900000 | 897260 | 2740 |
| 2 | | നികുതിയിതര വരവുകൾ | 1101500 | 606739 | 494761 |
| | എ | വാടക കെട്ടിടങ്ങൾ | 80000 | 95748 | 15748 |
| | ബി | ലൈസൻസ് | 200000 | 154300 | 45700 |
| | സി | പലിശ | 100000 | 105733 | 5733 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 6624000 | 6796107 | 172107 |
| | | വികസനഫണ്ട് | 35055765 | 13385560 | 21670205 |
| | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 9983000 | 2855056 | 7127944 |
| 7 | | ഭരണ ചെലവുകൾ | 1372500 | 641596 | 730904 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2337000 | 1792123 | 544877 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 4966970 | 1490440 | 3476530 |
| 10 | | പ്ലാൻ-സേവന മേഖല | 37806526 | 14060638 | 23745888 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 3485430 | 122885 | 3362545 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 1318782 | 1692344 | 373562 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 3353498 | 507409 | 2846089 |

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിന് വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക 04.05.2020-ൽ എയിംസിൽ സബ്മിറ്റ് ചെയ്തു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി.15.- സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തുനികുതി ബാലൻസ് തുക വാർഷികധനകാര്യപത്രിക പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | വാർഷികധനകാര്യപത്രിക പ്രകാരം ബാലൻസ് (ബി-15) |
|---|---|---|---|---|
| റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (തൻവർഷം) | 1750636 | 1732878 (1722789+10089 അഡ്വാൻസ്) | 17758 | 70293 |
| റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (കുടിശ്ശിക) | 1834488 | 286096 | 1548392 | 21555 |
| നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (തൻവർഷം) | 730537 | 540105 | 190432 | 137312 |
| നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (അരിയർ) | 895685 | 127593 | 768092 | 700906 |

2. ഷെഡ്യൂൾ ഐ.6, ഐ.14(d)- വാർഷിക ധനകാര്യ പത്രികയിലെ വിവിധ ക്ഷേമ പെൻഷനുകളുടെ ചെലവുകണക്കുകൾ സേവന സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുക (ഷെഡ്യൂൾ ഐ.6, ഐ.14(d)) | സേവന സോഫ്റ്റ്വെയർ പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 329400 | 718200 | 388800 |
| വിധവാപെൻഷൻ | 1556400 | 3055200 | 1498800 |
| വാർദ്ധക്യകാലപെൻഷൻ | 4606200 | 10639500 | 6033300 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 494700 | 1095900 | 601200 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 75600 | 159600 | 84000 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 64,29,158 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,09,39,480 |
| ആകെ വരവ് | 4,73,68,638 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 3,85,25,411 |
| നീക്കിയിരിപ്പ് | 88,43,227 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 7972000 | 7972000 | 7339017 | 631375 | 1608 |
| വികസന ഫണ്ട്-എസ്.സി.പി | „ | 4562000 | 4562000 | 4221457 | 148417 | 192126 |
| വികസന ഫണ്ട്-ടി.എസ്.പി | „ | 85000 | 85000 | -- | -- | 85000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | Xx | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ഇല്ല | 6095503 | 6095503 | 2896702 | 489009 | 2709792 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | „ | 9031000 | 9031000 | 5063460 | 2099148 | 1868392 |
| മെയിന്റനൻസ് | „ | 3251000 | 3251000 | 1909350 | 329949 | 1011701 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്-നോൺ റോഡ് | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 199990 | 9101 | 209091 | -- | -- | 209091 |
| ശുചിത്വ മിഷൻ | 2141290 | 300000 | 2441290 | 372000 | -- | 2069290 |
| കേരളോത്സവം | 20000 | 20000 | 40000 | 22708 | -- | 17292 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 1018755 | 495315 | 1514070 | 434233 | -- | 1079837 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 3099 | 9535600 | 9538699 | 9538253 | -- | 446 |

## 1-4-1 ഗ്രാന്റ് വിനിയോഗം- കണക്കിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 220588 |
| ,, | അങ്കണവാടി അധിക വേതനം | 832200 |
| ,, | വെള്ളക്കരം | 3218 |
| ,, | കെ.എസ്.ഇ.ബി. | 904 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 14706 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 165 | 51057085 | 107 | 27520904 | 58 | 53.90% |

(2) വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും ചുവടെ ചേർക്കുന്നു.

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 4904464 | 1490440 | 30.39 |
| സേവനം | 24232299 | 18225387 | 75.21 |
| പശ്ചാത്തലം | 21920322 | 7805077 | 35.61 |
| ആകെ | 51057085 | 27520904 | 53.9 |

(3) 2019-20-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു-ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 2 | 324448 | 324448 |

| | | | | | |
|---|---|---|---|---|---|
| 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 5 | 4 | 1206486 | 1084376 |
| 3 | കൃഷി ഓഫീസർ | 5 | 3 | 834380 | 332385 |
| 4 | സെക്രട്ടറി | 36 | 27 | 8128234 | 4418759 |
| 5 | വെറ്ററിനറി സർജൻ | 8 | 6 | 1430000 | 607231 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 10 | 10809640 | 8571356 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 12 | 3017524 | 2588449 |
| 8 | ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 3 | 1975000 | 573250 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 2346855 | 1207251 |
| 10 | ഹെഡ്മാസ്റ്റർ | 3 | 3 | 1200000 | 1193800 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 31 | 19784518 | 6619599 |
| | ആകെ | 165 | 107 | 51057085 | 27520904 |

വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പല വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സും അപൂർണ്ണമാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിഭാഗം

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 143 | 90 | 62.93 | 43590196 | 22396947 | 51.38 |
| പ്രത്യേക ഘടകപദ്ധതി | 21 | 17 | 80.95 | 7381889 | 5123957 | 69.41 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 1 | 0 | 0 | 85000 | 0 | 0 |
| ആകെ | 165 | 107 | 64.84 | 51057085 | 27520904 | 53.9 |

മേഖല

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ഉല്പാദനം | 15 | 13 | 86.67 | 4904464 | 1490440 | 30.39 |
| സേവനം | 72 | 56 | 77.77 | 24556779 | 18224483 | 74.21 |
| പശ്ചാത്തലം | 78 | 38 | 48.72 | 21595842 | 7805981 | 36.15 |
| ആകെ | 165 | 107 | 64.84 | 51057085 | 27520904 | 53.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3099 | 688237 | 691336 | 690890 | 446 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 8847363 | 8847363 | 8847363 | 0 |

തൊഴിലുറപ്പ് പദ്ധതി കണക്കിൽ വാർഷിക കണക്കുമായി 443115 രൂപയുടെ വ്യത്യാസം ഉണ്ട്.

1. 336115 രൂപ ആസ്തികൾ സൃഷ്ടിക്കുന്ന ചെലവിൽ ഉൾപ്പെട്ടതിനാൽ Capital Contribution ലേക്ക് മാറ്റിയിട്ടുണ്ട്.

2. 107000 രൂപ 100 തൊഴിൽ ദിനങ്ങൾ നൽകിയവർക്കുള്ള ബോണസ് തുകയാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7,18,200 | 100 |
| വിധവാപെൻഷൻ | 30,55,200 | 450 |
| വാർദ്ധക്യകാല പെൻഷൻ | 1,06,39,500 | 1341 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 10,95,900 | 145 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1,59,600 | 25 |
| തൊഴിൽരഹിത വേതനം | 2,160 | 2 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2021, 2 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 13,209/- (പതിമൂവായിരത്തി ഇരുനൂറ്റി ഒൻപത് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ, വിവിധ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കാലികമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. 2019-20 വർഷത്തെ പദ്ധതികൾ നടപ്പാക്കിയപ്പോൾ പ്രൊക്യൂർമെന്റ് കമ്മറ്റി യോഗം ചേർന്ന് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി

ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.08.2021 മുതൽ 01.09.2021 വരെ | 11/2019 മുതൽ 03/2021 വരെ | 15.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.06.2018 മുതൽ 10.07.2018 വരെ | 2013-14 മുതൽ 2017-18 വരെ | 06.09.2018 |

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

2019-20 വർഷത്തെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ, റിട്ടേണുകൾ ഇവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കൊറ്റനാട് സർവീസ് സഹകരണബാങ്ക്, കൊറ്റനാട് | രണ്ടാം അർദ്ധവർഷം |
| 2 | കൊറ്റനാട് സർവീസ് സഹകരണബാങ്ക്, പെരുമ്പെട്ടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | കള്ള് ഷാപ്പ്, ചാലാപ്പള്ളി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/25.11.2021) ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കൊറ്റനാട് സർവീസ് സഹകരണബാങ്കിന്റെ ശാഖകൾ സാമ്പത്തികനഷ്ടത്തിലായതിനാൽ ജീവനക്കാർ നിലവിൽ ശമ്പളമില്ലാതെയാണ് ജോലി ചെയ്യുന്നതെന്നും ശമ്പളം നല്കുന്നമുറയ്ക്ക് നികുതി ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈടാക്കാൻ അവശേഷിക്കുന്ന തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

2. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2019-20 വർഷം പഞ്ചായത്തിൽ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. ഹരിലാൽ പി ജെ
2. ശ്രീ. എം ഹരിഹരൻ
3. ശ്രീ. ഡേവിസ് കെ ചെറിയാൻ
4. ശ്രീ. രമേഷ് കെ കെ
5. ശ്രീ പി വി സോമശേഖരൻ നായർ
6. ശ്രീ. ആകാശ് എസ് നായർ
7. ശ്രീ.ജോൺസൺ വി ജെ
8. ശ്രീ. ശ്രീജിത്ത് കെ എസ്

9. ശ്രീ. ഫിലിപ്പ് തോമസ്
10. ശ്രീ. ജോസഫ് മാത്യു
11. ശ്രീ സുധീർ കെ
12. ശ്രീ ജിനോ പി കുര്യൻ
13. ശ്രീ.സി ആർ രഘു
14. ശ്രീ ജിനു എബ്രഹാം

മുകളിൽ ചൂണ്ടിക്കാട്ടിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് തൊഴിൽ ചെയ്യുവരും നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരുമായ കരാറുകാരിൽ നിന്ന് അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 തുടർ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

വട്ടക്കുന്ന് കുഴൽകിണർപദ്ധതിക്ക് വേണ്ടി 444000രൂപ ഭൂജലവകുപ്പിൽ 2017-18സാമ്പത്തികവർഷം നിക്ഷേപിച്ചിരുന്നു.ജലലഭ്യത കുറവായതിനാൽ ജലവിതരണപദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിയില്ലെന്ന് ഭൂജലവകുപ്പ് അറിയിച്ചതിനെത്തുടർന്ന് കുഴൽകിണറിൽ ഹാൻഡ് പമ്പ് സ്ഥാപിക്കുന്നത് ടി പദ്ധതിയുടെ ഭാഗമാക്കുന്നതിനും ആയതിനുള്ള തുക ഡെപ്പോസിറ്റ് തുകയിൽ വകയിരുത്തുന്നതിനും, ബാക്കിതുക ഭൂജലവകുപ്പിൽ നിന്നും പഞ്ചായത്തിലേക്ക് തിരിച്ചടപ്പിക്കുന്നതിനും 26-8-2019-ലെ 10(1) പ്രകാരം പഞ്ചായത്തി കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ആയതിൻമേൽ തുടർനടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-13 സമയബന്ധിതമായി പ്രൊജക്ട് നടപ്പാക്കിയില്ല, ലഭ്യമായ തുക തിരിച്ചടച്ചു

പ്രാഥമിക പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച പ്രൊജക്ട് നടപ്പാക്കുന്നതിന് വേണ്ടി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 14-5-2015-ലെ DoECC/E1/73/2015 കത്ത് പ്രകാരം 250000രൂപ ലഭിച്ചു. പഞ്ചായത്തിൽനിന്നും സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. പദ്ധതി കാലാവധി ആറു മാസം ആയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാല് വർഷം പിന്നിട്ടിട്ടും വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 1-2-2020-ലെ DoECC/E1/73/2015 നമ്പർ കത്ത് പ്രകാരം തുക തിരികെ ഒടുക്കാൻ ആവശ്യപ്പെടുകയും ചെലാൻ നം.9162/25-2-2020മുഖേന 250000രൂപ തിരിച്ചടയ്ക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന വികസനത്തെ ഉയർത്തുന്ന തരത്തിലുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും ഫണ്ട് ലഭ്യമായശേഷം പ്രൊജക്ട് നടപ്പാക്കാതെ തുക തിരികെ ഒടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-14 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് KMSCL ന് തുക കൈമാറിയതിൽ 156547/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്/ നമ്പർ | ബിൽ നം,തീയതി | അടവാക്കിയ തുക | ലഭ്യമായ മരുന്ന് | അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | 42/2019-20 പാലിയേറ്റീവ് കെയർ | 21/2020-21-18.01.20 | 300000 | 149551 | 150449 |
| 2 | 41/2020-21 പാലിയേറ്റീവ് കെയർ പദ്ധതി | 29/2020-21 /29.03.20 | 26843 | 20745 | 6098 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 156547 |

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 4,02,128 | ലൈഫ് മിഷൻ -ജനറൽ ഘട്ടം-3 (എസ്.0171/20) | 4,02,128 |
| ജില്ലാ പഞ്ചായത്ത് | 3,82,952 | ലൈഫ് മിഷൻ -ജനറൽ ഘട്ടം-3 (എസ്.0171/20) | 3,82,952 |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 89,718 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി. ഘട്ടം-3(എസ്.0178/20) | 89,718 |
| ജില്ലാ പഞ്ചായത്ത് | 3,60,282 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി. ഘട്ടം-3(എസ്.0178/20) | 3,60,282 |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | ആശ്രയ പദ്ധതി (എസ്.0040/20) | 1,00,000 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | ആശ്രയ പദ്ധതി (എസ്.0040/20) | 1,00,000 |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 1,73,250 | പാലിന് സബ്സിഡി (എസ്.0053/20) | 1,73,250 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | പെയ്ൻ & പാലിയേറ്റീവ് കെയർ പദ്ധതി (എസ്.0041/20) | 1,00,000 |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 94,640 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0030/20) | 94,640 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,00,000 |

| | | | |
|---|---|---|---|
| | | (എസ്.0030/20) | |
| ജില്ലാ പഞ്ചായത്ത് | 1,00,000 | അങ്കണവാടി പൂരക പോഷകാഹാര വിതരണം (എസ്.0012/20) | 1,00,000 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക (യു.സി. ലഭിച്ചത് പ്രകാരം) ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | 1,2,4,5,12,13 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S077/20) | 3,24,500 | ഇല്ല | 3,24,500 |
| കെ.എസ്.ഇ.ബി. | 1,2,12,13 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0159/20) | 4,01,200 | 4,01,200 | -- |
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0160/20) | 4,32,988 | ഇല്ല | 4,32,988 |
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0195/20) | 1,48,750 | 1,48,750 | -- |
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (S0196/20) | 2,48,508 | ഇല്ല | 2,48,508 |
| വാട്ടർ അതോറിറ്റി | 109,104,111,116,114,108 അങ്കണവാടികളിൽ പൈപ്പ്കണക്ഷൻ (S0161/20) | 4,74,000 | 3,82,019 | 91,981 (തുക തിരിച്ചടച്ചു) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

വായ്പ/ വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 6,82,203 | 18,10,000 | 24,92,203 | 2,37,198 | 22,55,005 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 29 | 2003-04 | 105 | വനിതകൾക്ക് തയ്യൽ യൂണിറ്റ് | അവശേഷിച്ച തയ്യൽ മെഷീനുകൾ മറ്റ് വാർഡുകളിലേക്ക് കൈമാറിയതായി നിയമസഭാ സമിതിയെ അറിയിച്ചിട്ടുണ്ട്. |
| 1999-2000 | 30 | 2003-04 | 105 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തിയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | കമ്പ്യൂട്ടർ പരിശീലന സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി സമർപ്പിച്ചിട്ടുണ്ട് |
| 2016-17 | 2-1 | 2017-18 | 5 | PWD റോഡിന്റെ അതിര് നിർണ്ണയിക്കാതെയും കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പാലിക്കാതെയും നിർമ്മിച്ച ഇരുനില വാണിജ്യക്കെട്ടിടത്തിന് പെർമിറ്റും കെട്ടിടനമ്പരും അനുവദിച്ച | കെട്ടിടങ്ങളുടെ നമ്പരുകൾ റദ്ദ് ചെയ്തുകൊണ്ട് 29.1.2020 ൽ താൽക്കാലിക ഉത്തരവ് നൽകിയിട്ടുള്ളതാണ്. നിലവിൽ 2017-18 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5 പ്രകാരം ഈ പരാമർശത്തിന്മേൽ വകുപ്പുതല അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 4,73,68,638 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,85,25,411 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര- സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ. പി.2-23/98/ 2.2.99/5-2-2000 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4-288/03/ 6.8.2003/28.11.2003 | 2 |
| 1997-98 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4/288/03 6.8.2004/28.11.2004 | |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ. പി.5/248/06 9.11.2006/12.11.2007 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4-223/2003 3.3.2003/5.6.2003 | 4 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി.4.127/2004 15.05.2004/19.07.2004 | 1 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി.4-126/04 15.05.2004/19.07.2004 | 4 |

| | | |
|---|---|---|
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.5/726/07 10.10.2007 | 9 |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി.8/205/2010 4.10.2010/29.07.2011 | 9 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി.7/901/11 14.05.2014 | മുഴുവൻ ഖണ്ഡികകളും |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി.7/896/2011 7.12.2011/20.11.2012 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി.7/452/2012 19.07.2012/14.05.2014 | മുഴുവൻ ഖണ്ഡികകളും |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി.7/453/2012 19.07.2012/6.3.2013 | മുഴുവൻ ഖണ്ഡികകളും |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി.7/454/2012 19.07.2012/6.3.2013 | 1 |
| 2011-12& 2012-13 | എൽ.എഫ്.പി.റ്റി.എ. പി7/33/2014 24-04-14/13-05-14 | 2 |
| 2013-14 | എൽ.എഫ്.പി.റ്റി.എ. പി8/536/2015 01-07-2015 | 10 |
| 2014-15 | എൽ.എഫ്.പി.റ്റി.എ. പി7/698/2016 22-06-2016 | മുഴുവൻ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി 7/1382/16 , 03-01-2017 | 3 |
| 206-17 | കെ.എസ്.എ.പി.റ്റി.എ പി 7/1181/17 , 04.11-2017 | 7 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി 7/1629/18/ 14.1.2019 | 16 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി 7/202/2020 27.04.2020 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്